ചെമ്മുഞ്ചി മലനിരകളിൽനിന്ന് ഉത്ഭവിക്കുന്ന നദികളിലെ വെള്ളം തടയണകെട്ടി കൃഷിക്കും കുടിവെള്ളത്തിനുമായി എത്തിക്കുന്ന നടപടി

24 [5988] ശ്രീ. പി. ടി. തോമസ്:
,, എം. എ. ചന്ദ്രശേഖൻ:
,, എ. പി. അനിൽകുമാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലും കേരളത്തിലുമായി വ്യാപിച്ചു കിടക്കുന്ന ചെമ്മുഞ്ചി മല നിരകളിൽനിന്നും കേരളത്തിന്റെ ഭാഗത്തുനിന്ന് ഏതെല്ലാം നദികൾ ഉത്ഭവിക്കുന്നു;

(ബി) അതിൽ ഏതെല്ലാം നദികൾ കേരളത്തിലൂടെ ഒഴുകി സമുദ്രത്തിൽ ചേരുന്നു;

(സി) തമിഴ്നാട്ടിലേക്ക് ഒഴുകുന്നതും സംസ്ഥാനത്തിൽ ഉൾക്കൊള്ളുന്നതും ചെമ്മുഞ്ചിയിൽനിന്നും ഉത്ഭവിക്കുന്നതുമായ നദികൾ എത്ര ദൂരം സംസ്ഥാനത്തിലൂടെ ഒഴുകുന്നു;

(ഡി) ഈ നദികൾ എല്ലാ കാലത്തും ജലസമൃദ്ധികൊണ്ട് അനുഗ്രഹീതമാണോ;

(ഇ) പ്രസ്തുത നദികളിൽ തടയണ നിർമ്മിച്ച് സംസ്ഥാനത്തെ കർഷകർക്ക് കൃഷിക്കും തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളത്തിനുമായി ജലം എത്തിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനു വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) വാമനപുരം ആറും കരമനയാറും ചെമ്മുഞ്ചി മലനിരകളിൽനിന്നും ഉത്ഭവിക്കുന്നു.

(ബി) വാമനപുരം ആറും കരമനയാറും കേരളത്തിലൂടെ ഒഴുകി സമുദ്രത്തിൽ പതിക്കുന്നു.

(സി) അന്തർ സംസ്ഥാനനദികളൊന്നും ചെമ്മുഞ്ചിയിൽനിന്നുത്ഭവിക്കുന്നില്ല. ചെമ്മുഞ്ചിയിൽനിന്നുത്ഭവിക്കുന്ന വാമനപുരം ആറിന് 88 കി. മീറ്ററും കരമനയാറിന് 68 കി. മീറ്ററും നീളമുണ്ട്. ഈ നദികൾ പൂർണ്ണമായും കേരളത്തിലൂടെയാണ് ഒഴുകുന്നത്.

(ഡി) അനുഗ്രഹീതമാണ്.

(ഇ) കൃഷിക്ക് വെള്ളം കൊടുക്കുന്നതിനായി ചെമ്മുഞ്ചിമലനിരകളിൽ നിന്നും ഉൽഭവിക്കുന്ന കരമനയാറ്റിൽ കോവിൽകടവിൽ ഒരു ചെക്ക് ഡാം പൂർത്തീകരിച്ചിട്ടുള്ളതും, വാമനപുരം ആറിൽ പാറക്കടവ് ഭാഗത്ത് ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. ഈ രണ്ട് ചെക്ക്ഡാമുകളിലെ വെള്ളം കുടിവെള്ളത്തിനും കൂടി ഉപയോഗിക്കത്തക്ക രീതിയിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly